(സി) സാമ്പത്തിക ലഭ്യതയനുസരിച്ച് പരമാവധി വാഹനങ്ങൾ നിരത്തിലിറക്കുന്നതാണ്. ഇപ്രകാരം നിരത്തിലിറക്കുന്ന പുതിയ വാഹനങ്ങളിൽ കൂടുതലും പഴയവ പിൻവലിക്കുന്നതിനായി ഉപയോഗിക്കും.

(ഡി) സ്പെയർപാർട്ടുകളുടെ ലഭ്യതക്കുറവും ക്യാൻസലേഷന് കാരണമാകാറുണ്ട്.

(ഇ) പല തരത്തിലുള്ള അറ്റകുറ്റപണികൾക്കായി സംസ്ഥാനത്താകമാനമുള്ള വർക്ക്ഷോപ്പുകളിൽ ഇപ്പോൾ 366 ബസ്സുകൾ നിർത്തിയിട്ടുണ്ട്.

61 (2621) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവർ

<u>ശ്രീ. പി.ജെ. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നും എത്ര ജീവനക്കാർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ട് അവർ ആരെല്ലാം;

(ബി) ഇവർ ഏതു ഡിപ്പാർട്ടുമെന്റിൽ ഏതേതു തസ്തികയിൽ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവർക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ സൗജന്യ യാത്രാപാസ്സ് നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം;

(ഡി) എന്തു മാനദണ്ഡം അനുസരിച്ചാണ് ഇവർക്ക് പാസ് അനുവദിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) രണ്ട് ഓഫീസർമാർ ഉൾപ്പെടെ 16 പേർ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ ജോലി നോക്കുന്നുണ്ട്.

(1) ശ്രീ. കെ.എസ്. വിജയൻ, എക്സി: ഡയറക്ടർ
(2) ശ്രീ. എൻ. മോഹനകുമാർ, ഡിപ്പോ എൻജി.
(3) ശ്രീ. എസ്. തോംസൻ, ഡ്രൈവർ
(4) ശ്രീ. കെ. ഹരിദാസൻ, കണ്ടക്ടർ
(5) ശ്രീ. എസ്. രാജേന്ദ്രൻ, കോച്ച് ബിൽഡർ
(6) ശ്രീ. ഐ. സതീഷ്കുമാർ, കണ്ടക്ടർ
(7) ശ്രീ. എ. ശിവരാജൻ, കണ്ടക്ടർ
(8) ശ്രീ. ബി. രാധാകൃഷ്ണൻ നായർ, സൂപ്രണ്ട്
(9) ശ്രീ. എസ്.സി. ശ്രീനിവാസൻ, യു.ഡി.സി.
(10) ശ്രീ. വി. രാജേന്ദ്രകൈമൾ, സ്പെഷ്യൽ അസിസ്റ്റന്റ്
(11) ശ്രീ. ഹേമജിത്ത്, സെലക്ഷൻ ഗ്രേഡ് കളാർക്ക്
(12) ശ്രീ. സി.എസ്. മധുസൂദനൻ നായർ, യു.ഡി.സി.
(13) ശ്രീ. ആർ. ശശികുമാർ, യു.ഡി.ടൈപ്പിസ്റ്റ്
(14) ശ്രീ. സി.എസ്. ശ്രീകുമാരൻ നായർ, സീനിയർ ഗ്രേഡ് ക്ലാർക്ക്.

LIBRARY ARCHIVES Kerala Legislative Assembly

(15) ശ്രീമതി പി. നിർമ്മലാദേവി, സ്പെഷ്യൽ അസിസ്റ്റന്റ്

(16) ശ്രീ. ഡി. അജിതകുമാരി, എസ്. ജി.ടൈപ്പിസ്റ്റ്

(ബി) (1) ശ്രീ. കെ.എസ്. വിജയൻ, എക്സി.ഡയറക്ടർ, സിഡ്കോ യുടെ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ടിക്കുന്നു.

(2) ശ്രീ. എൻ. മോഹനകുമാർ, ഡിപ്പോ എൻജിനീയർ, ടൂറിസം ഡിപ്പാർട്ട്മെന്റിൽ എക്സി.എൻജിനീയർ (ഗ്യാരേജ്)

(3) ശ്രീ. എസ്. തോംസൺ, ഡ്രൈവർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ ഡ്രൈവറായി ജോലി നോക്കുന്നു.

(4) ശ്രീ. കെ. ഹരിദാസൻ, കണ്ടക്ടർ, കൾച്ചറൽ പബ്ലിക്കേഷൻ ഡിപ്പാർട്ട്മെന്റിൽ എഡിറ്റോറിയൽ അസിസ്റ്റന്റായി ജോലി നോക്കുന്നു.

(5) ശ്രീ. എസ്. രാജേന്ദ്രൻ, കോച്ച് ബിൽഡർ, ശ്രീ.ചിത്തിരതിരു ന്നാൾ എഞ്ചിനീയറിംഗ് കോളേജിൽ ഇൻസ്ട്രക്ടറായി ജോലി നോക്കുന്നു.

(6) ശ്രീ. ഐ. സതീഷ്കുമാർ, കണ്ടക്ടർ ശ്രീ. സി. എൻ. ജയദേ വൻ, എം.എൽ.എ. യുടെ പേഴ്സണൽ അസിസ്റ്റന്റായി ജോലി നോക്കുന്നു.

(7) ശ്രീ. എ. ശിവരാജൻ, കണ്ടക്ടർ- ശ്രീ. കെ. പ്രകാശ്ബാബു എം.എൽ.എ.യുടെ പേഴ്സണൽ അസിസ്റ്റന്റായി ജോലി ചെയ്യുന്നു. ഇവരെ കൂടാതെ താഴെ ചേർത്തിരിക്കുന്ന ഒൻപതുപേർ കേരളാ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷനിൽ ജോലി ചെയ്യുന്നുണ്ട്.

(1) ശ്രീ. ബി. രാധാകൃഷ്ണൻ നായർ, സൂപ്രണ്ട് (അഡ്മിനിസ്ട്രേ റ്റീവ് ഓഫീസറായി ജോലി ചെയ്യുന്നു)

(2) ശ്രീ. എസ്.ഡി. ശ്രീനിവാസൻ, യു.ഡി.സി.

(3) ശ്രീ. വി. രാജശേഖര കൈമൾ, സ്പെഷ്യൽ അസിസ്റ്റന്റ്.

(4) ശ്രീ. എസ്. ഹേമജിത്ത്, സെലക്ഷൻ ഗ്രേഡ് ക്ലാർക്ക്.

(5) ശ്രീ. സി.എസ്. മധുസൂദനൻനായർ, യു.ഡി.സി.

(6) ശ്രീ. ആർ ശശികുമാർ, യു.ഡി. ടൈപ്പിസ്റ്റ്

(7) ശ്രീ. സി.എസ്. ശ്രീകുമാരൻ നായർ സീനിയർ ഗ്രേഡ് ക്ലാർക്ക്.

(8) ശ്രീമതി പി. നിർമ്മലാദേവി, സെപഷ്യൽ അസിസ്റ്റന്റ്

(9) ശ്രീമതി ഡി. അജിതകുമാരി. ടൈപ്പിസ്റ്റ് (സ്റ്റെനോഗ്രാഫർ ആയി ജോലി നോക്കുന്നു)

(സി) ഉണ്ട്. പ്ലാനിംഗ് ബോർഡിൽ ജോലി നോക്കുന്ന ഡ്രൈവർക്കും കെ.ടി.ഡി.എഫ്.സി.യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ക്ലാർക്കുമാർക്കും സ്റ്റെനോഗ്രാഫർക്കും, എം.എൽ.എ.മാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർക്കും പാസ്സ് നൽകിയിട്ടുണ്ട്.

(ഡി) കീഴ്വഴക്കമനുസരിച്ചാണ് പാസ്സ് നൽകിയിട്ടുള്ളത്.

62 (2622) ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധപ്പെടുത്തി ബസ്സ് സർവ്വീസ്

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാ ഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly